എഞ്ചിനീയർ അതിനുള്ള നടപടികൾ എടുത്തുവരികയാണ്. 6.6.1986-ലെ കത്തിൽ നടപടികൾ എടുക്കുന്നു എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പൂഴാതിയിൽ 4.07 ഏക്കർ സ്ഥലം എടുത്തിട്ടുണ്ട്. അവിടെ ജനറൽ ഫോർമാനും, അസിസ്റ്റൻറ് സൂപ്രണ്ടിനും, ടൈപ്പിസ്റ്റിനും ഓരോ ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പുതിയ എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശം നോർത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഈ കാര്യം സർക്കാർതലത്തിൽ പരിഗണിച്ച് വേണ്ട നടപടി വേഗത്തിൽ കൈക്കൊള്ളുന്നതാണ്.

(11) കണ്ണൂർ ജില്ലയിലെ തടവുകാർ അനുഭവിക്കുന്ന പ്രയാസങ്ങൾ

ശ്രീ. കെ. ടി. കുമാരൻ: സർ, കണ്ണൂർ ജില്ലയിൽ ഏതാണ്ട് 9,000-ത്തോളം വരുന്ന തടവുകാരുടെ ദുഃസ്ഥിതിയെ സംബന്ധിച്ചാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. അവിടത്തെ തടവുകാർക്ക് ശുദ്ധജലം കിട്ടുന്നില്ല. നിലവിലുള്ള വാട്ടർ സപ്ലൈയെ സംബന്ധിച്ചിടത്തോളം പൈപ്പുകൾ തന്നെ പൊട്ടിത്തകർന്നുകിടക്കുന്നതുകൊണ്ട് ശുദ്ധജലം കിട്ടുന്നില്ല. അവർക്ക് ഭക്ഷണം പാകം ചെയ്യുന്നത് ബ്രിട്ടീഷ് ഗവൺമെൻറിൻെറ കാലത്ത് നൽകിയിട്ടുള്ള പാത്രങ്ങളിലാണ്. ചെമ്പു പാത്രങ്ങൾ ആകെ പൊട്ടിത്തകർന്ന് കേടു പറ്റിയവയാണ്. ഈയം പൂശാതെ കറ പിടിച്ച പാത്രങ്ങളിലാണ് ഭക്ഷണം പാകം ചെയ്തു കൊടുക്കുന്നത്. അതു പോലെ ഇരുമ്പുപാത്രങ്ങളിലും ഭക്ഷണം പാകം ചെയ്ത് കൊടുക്കുന്നുണ്ട്. അതിൻെറ ഫലമായിട്ട് പലവിധ രോഗങ്ങളും ഈ തടവുകാർക്ക് അനുഭവപ്പെടുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷം മുൻപ് എസ്റ്റിമേറ്റ് കമ്മിറ്റി ജയിൽ പരിശോധിക്കുകയുണ്ടായി. ബഹുമാനപ്പെട്ട സ്പീക്കർ ചെയർമാനായുള്ള കമ്മിറ്റിയാണ് പരിശോധിച്ചു റിപ്പോർട്ട് നൽകിയിരിക്കുന്നത്. ആ റിപ്പോർട്ട് ഇവിടെയുണ്ട്. പെറ്റീഷൻ കമ്മിറ്റിയും അവിടെപ്പോയി അന്വേഷണം നടത്തിയിട്ടുണ്ട്. പെറ്റീഷൻ കമ്മിറ്റിയുടെ റിപ്പോർട്ടും ഇവിടെയുണ്ട്. എല്ലാമുണ്ടായിട്ടും ഇന്നുവരെ ഭക്ഷണം പാകം ചെയ്യുന്ന പാത്രത്തെ സംബന്ധിച്ചും, ശുദ്ധജലം കിട്ടുന്നതിനുവേണ്ടിയുള്ള സംവിധാനത്തെക്കുറിച്ചും യാതൊരു നടപടിയും ഈ ഗവൺമെൻറ് സ്വീകരിച്ചില്ല; കുറ്റകരമായ അനാസ്ഥയാണ് ഇതുമൂലം ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് അടിയന്തിരമായി ഈ കാര്യത്തെ സംബന്ധിച്ച് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇപ്പോൾ നിലവിലുള്ള പാത്രങ്ങളുടെ കേടുപാട് തീർക്കുന്ന് ഏർപ്പാട് ചെയ്തിട്ടുണ്ട്. 15,000 രൂപ പുതിയ പാത്രങ്ങൾ വാങ്ങാൻവേണ്ടി സാംഗ്ഷൻ ചെയ്തിട്ടുണ്ട്. മഴ പെയ്തു തുടങ്ങിയതുകൊണ്ട് തൽക്കാലം വെള്ളത്തിന് ബുദ്ധിമുട്ടില്ല. എങ്കിലും അടുത്ത പ്രദേശങ്ങളിൽനിന്നും വെള്ളം പമ്പു ചെയ്തിട്ടാണ് വെള്ളം നൽകാറുള്ളത്. തീരെ വെള്ളമില്ലാത്ത അവസരത്തിൽ മുനിസിപ്പാലിറ്റിയിൽനിന്ന് സപ്ലൈ ചെയ്യാറാണ് പതിവ്. ബാക്കിയുള്ള കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly